# ജനകീയ പ്രശ്നങ്ങളുമായി നാട്ടരങ്ങ്

**അശോകൻ പി. എ.**

## ടെലിവിഷം

കേരളമിന്നൊരു മാധ്യമ മാഫിയയുടെ പിടിയിലാണെന്നു പറഞ്ഞാൽ അത് അതിശയോക്തിയല്ല. തങ്ങളുടെ താല്പര്യങ്ങൾക്കനുസരിച്ച് വാർത്തകളെ ഹൈലൈറ്റ് ചെയ്യുകയും പാടേ അവഗണിക്കുകയും പതിവാക്കിയിരിക്കുന്നു ഇവിടുത്തെ മാധ്യമങ്ങൾ. ദൃശ്യമാധ്യമങ്ങളും ഇക്കാര്യത്തിൽ പുറകിലല്ലെങ്കിലും ഏഷ്യാനെറ്റ് സംപ്രേഷണം ചെയ്യുന്ന, വി.കെ. ശ്രീരാമൻ അവതാരകനായ നാട്ടരങ്ങ് ഇക്കാര്യത്തിൽ വേറിട്ടു നില്ക്കുകയാണ്.

സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെയും ഡ്യൂപ്ലിക്കേറ്റിനെയും കുറിച്ചുള്ള ചർച്ചയും ജനങ്ങളും കൂടി ഉൾപ്പെട്ട സംവാദവുമായി കുന്നംകുളം മുനിസിപ്പൽ ടൗൺ ഹാളിൽ നിന്നാരംഭിച്ച ഈ പരിപാടിക്ക് ഇന്ന് കാഴ്ചക്കാർ ഏറെയാണ്. ജനകീയ പ്രശ്നങ്ങളുടെ നടുവിലേക്ക് കാമറയുമായി ഇറങ്ങിച്ചെന്ന് അവരുടെ നീറുന്ന പ്രശ്നങ്ങൾ അവരെക്കൊണ്ടുതന്നെ പറയിച്ചും അതിനൊപ്പം സാമൂഹ്യ ശാസ്ത്രജ്ഞന്മാരുടെയും വിഷയത്തിനനുസരിച്ച് ആ രംഗത്തെ വിദഗ്ധരുടേയും മറ്റു പൗരപ്രമുഖരുടേയും സന്നദ്ധ സേവന പ്രവർത്തകരുടെയുമൊക്കെ നിർദേശങ്ങളും പരിഹാരമാർഗങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഈ ചർച്ച പലപ്പോഴും പുറത്തുകൊണ്ടുവരുന്നത് മാധ്യമങ്ങൾ അവഗണിച്ചുകൊണ്ടിരിക്കുന്ന വിഷയങ്ങളായിരിക്കും.

മാവൂരിലെ ഗ്രാസിം ഇൻഡസ്ട്രീസ് നടത്തുന്ന അന്തരീക്ഷ-ജല മലിനീകരണം പ്രമുഖ മാധ്യമങ്ങളൊക്കെ അവഗണിച്ചപ്പോൾ നാട്ടരങ്ങ് ക്യാമറയുമായി മാവൂരെത്തിയത് ഇതിനൊരുദാഹരണമാണ്. ഗ്രാസിം വിരുദ്ധ സമരത്തിന്റെ മുൻപന്തിയിൽ നിന്നിരുന്ന കെ.എ.റഹ്മാൻ സാഹിബ് മരിച്ചതിന്റെ തൊട്ടടുത്ത ദിവസം സംഘടിപ്പിച്ച നാട്ടരങ്ങ് പരിപാടിയിൽ ജനങ്ങൾ പ്രകടിപ്പിച്ചത് ഒരുപാടു കാലമായി അടക്കിവച്ചിരുന്ന അവരുടെ രോഷവും ദുഃഖവുമൊക്കെയായിരുന്നു. ഗ്രാസിമിന്റെ ഭീകരതയും മാധ്യമങ്ങളുടെ അപഹാസ്യവുമായ നിലപാടും ഭരണകൂടത്തിന്റെ കാപട്യവുമൊക്കെ ഒരു മറയുമില്ലാതെ അവർക്ക് ലോകത്തോടു തുറന്നുപറയാൻ സാധിച്ചു. ഇതുതന്നെയാകുന്നു നാട്ടരങ്ങിന്റെ വിജയവും.

സ്ത്രീകളുടെ സമകാലിക പ്രശ്നങ്ങളെക്കുറിച്ച് നടത്തിയ നാട്ടരങ്ങിൽ സമൂഹം പിഴച്ചവരെന്നു മുദ്രകുത്തിയവർ ഉന്നയിച്ച ചില പൊള്ളുന്ന ചോദ്യങ്ങളും , നടുറോഡിലെ കൂട്ടക്കൊലകളായി മാറുന്ന വാഹനാപകടങ്ങളെക്കുറിച്ചുള്ള നാട്ടരങ്ങും ശ്രദ്ധേയം തന്നെയായിരുന്നു.

സമർഥനായ ഒരു മോഡറേറ്ററെന്നതിലുപരി ശ്രീരാമൻ മറ്റെന്തൊക്കെയോ ആയി മാറുന്ന അനുഭവമാണ് നമുക്ക് നാട്ടരങ്ങിലൂടെ ദർശിക്കാനാവുന്നത്. കുറിക്കു കൊള്ളുന്ന നർമത്തിലൂടെ ചെറിയ ചോദ്യശകലങ്ങളിലൂടെയൊക്കെ, പ്രക്ഷുബ്ധമായ അന്തരീക്ഷത്തിലേക്കു നീങ്ങുന്ന നാട്ടരങ്ങുകളെ ശ്രീരാമൻ നിയന്ത്രിച്ചു പോരുന്നു. അതും നാട്ടരങ്ങിന്റെ വിജയം.

## മാനസിക രോഗികൾക്ക് അഭയകേന്ദ്രം

മാനസിക രോഗികൾക്കു വേണ്ടിയുള്ള ഏഷ്യയിലെ തന്നെ ഏറ്റവും വലിയ അഭയകേന്ദ്രം ചാലക്കുടിക്കടുത്ത് മേലൂർ പഞ്ചായത്തിൽ സ്ഥാപിക്കപ്പെടുന്നു. മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിന്റെ ഈ പുതിയ സംരംഭത്തിന്റെ നിർമാണോദ്ഘാടനം സെപ്റ്റംബർ 25ന് നടന്നു. 2000 രോഗികളെ ഒരേ സമയം പ്രവേശിപ്പിക്കാവുന്ന ഒരു മാനസിക രോഗ ചികിത്സാകേന്ദ്രമാണ് ഇവിടെ നിലവിൽ വരാൻ പോകുന്നത്.